# തിരൂർ അർബൻ കോ - ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

**നമ്പർ എഫ്.1818, ഹെഡ് ഓഫീസ്, തിരൂർ- 676101**
**ഫോൺ നമ്പർ 0494- 2635902, 2635905, 2635909**

**(സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002-ലെ വകുപ്പ് 13 റൂൾ 8(5) (a) വകുപ്പ് പ്രകാരം വായ്പ്പക്കാർക്കും ജാമ്യക്കാർക്കും അയക്കുന്ന വസ്തുവിൽപ്പന നോട്ടീസ്)**

## വിൽപ്പന നോട്ടീസ് (NOTICE FOR SALE)

രജിസ്ട്രേഡ് തപാൽ മടക്ക രശീതിയോട് കൂടി

Ref: S.A/S.N/2209.2206/MB/404/46.740/438.510/4
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (Authorised Officer)
തിരൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്.
നമ്പർ 1818, ഹെഡ് ഓഫീസ്, തിരൂർ-676101

To,

1).. ഗാലപ്ലേഴ്സ് എൻറർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്, പുത്തനത്താണി, മെ.നമ്പർ D 6196 Represented by Sri. Muhamed Bukhari, Managing Director, Door No. 22/1605, പുന്നത്തല-പി.ഒ, പുത്തനത്താണി, മലപ്പുറം ജില്ല, പിൻ-676552

2). ശ്രീ. മുഹമ്മദ് ബുക്കാരി, (Guarantor) മെ.നമ്പർ D 5942, 39 വയസ്സ്, S/o. സെയ്തലവി, തയ്യിൽ ഹൗസ്, പി.ഒ.ആതവനാട്, മലപ്പുറം ജില്ല, പിൻ- 676301.

3). ശ്രീ. അബ്ദുൽ ഹാഫിസ്, മെ.നമ്പർ D 5940, 38 വയസ്സ്, S/o. അബ്ദുസമദ്, കിളിയം പറമ്പിൽ ഹൗസ്, പുത്തനത്താണി, പി.ഒ.പുന്നത്തല മലപ്പുറം ജില്ല, പിൻ- 676552

സർ,

വിഷയം: നിഷ്ക്രിയ ആസ്തിയായ വായ്പ (NPA) ഈടാക്കൽ നടപടി നൽകുന്നത് സംബന്ധിച്ച് - വസ്തുവിൽപ്പന നോട്ടീസ് (Notice for Sale)

സൂചന: 1). സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, ഉപവകുപ്പ് 13 (2) പ്രകാരം 18.08.2022 തിയ്യതി വെച്ച് അയച്ച ഡിമാൻഡ് നോട്ടീസ് (SADN 2209) ശ്രീ. അബ്ദുൽ ഹാഫിസ് കൈപ്പറ്റുകയും, ശ്രീ. മുഹമ്മദ് ബുക്കാരി കൈപ്പറ്റാത്തതിനാൽ 01.10.2022 തിയ്യതിക്ക് ആതവനാട് പഞ്ചായത്തിലെ NH 167/33002 നമ്പർ KSEB മീറ്റർ ബോർഡിൽ പതിച്ചു നടത്തുകയും 02.10.2022 തിയ്യതിക്ക് മലയാള മനോരമ ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പരസ്യം ചെയ്തു.

2). മേൽ നിയമത്തിലെ ഉപവകുപ്പ് 13 (4) പ്രകാരം 30.01.2023 തിയ്യതിക്ക് നിങ്ങളുടെ വസ്തു ബാങ്ക് പ്രതീകാത്മകമായി കരസ്ഥപ്പെടുത്തിയിരുന്നു. കൂടാതെ 04.02.2023 തിയ്യതിക്ക് കൈവശപ്പെടുത്തൽ നോട്ടീസ് ദേശാഭിമാനി, ജനയുഗം എന്നീ ദിനപത്രങ്ങളിൽ പരസ്യം ചെയ്തു.

നിങ്ങൾ ബാങ്കിൽ നിന്നും കൈപ്പറ്റിയ വായ്പകൾ (ലോൺ അക്കൗണ്ട് നമ്പർ: 404/46, 740/438, 510/4) യഥാസമയം തിരിച്ചടക്കാത്തതുകൊണ്ട് നിഷ്ക്രിയ ആസ്തി ആയതിനാൽ ഒരു ഡിമാന്റ് നോട്ടീസ് 18.08.2022 തിയ്യതിക്ക് അയച്ചിരുന്നു. അതിൽ പ്രസ്താവിച്ച പ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിങ്ങൾ പ്രസ്തുത വായ്പാ കണക്ക് മുഴുവനായി അടച്ചു തീർത്തിട്ടില്ല. ആയതിനാൽ സൂചന (2)ൽ പ്രസ്താവിച്ച പ്രകാരം മേൽ നിയമത്തിലെ ഉപവകുപ്പ് 13 (4) പ്രകാരം 30.01.2023 തിയ്യതിക്ക് നിങ്ങളുടെ വസ്തു ബാങ്ക് പ്രതീകാത്മകമായി കൈവശപ്പെടുത്തിയിരുന്നു. എന്നാൽ അതിനുശേഷവും ഇതേവരെയായി നിഷ്ക്രിയ ആസ്തിയായി മാറിയ വായ്പാകണക്ക് മുഴുവനായും അടച്ചു തീർക്കാത്തതിനാൽ 8 (5) (a), 9 (സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002-ലെ വകുപ്പ്) പ്രകാരം പണയപ്പെടുത്തിയ വസ്തുവിന്റെ വിൽപ്പന നോട്ടീസ് (Notice for Sale) ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലക്ക് ഞാൻ നിങ്ങൾക്ക് ഇതിനാൽ അയക്കുന്നു.

വസ്തുവിൻെറവിവരം:

മലപ്പുറം ജില്ലയിൽ കൽപകഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ 1242/2020, 608/1994, 1859/1995 നമ്പർ ആധാരങ്ങൾ പ്രകാരം തയ്യിൽ സെയ്തലവി മകൻ മുഹമ്മദ് ബുക്കാരി എന്നവർക്ക് സിദ്ധിച്ച തിരൂർ താലൂക്ക് കുറുമ്പത്തൂർ വില്ലേജിൽ കുറുമ്പത്തൂർ അംശം പുന്നത്തല ദേശം റീ സർവ്വെ നമ്പർ 27/7B-16 ൽ പെട്ട നിരത്തിന് തെക്ക് ഭാഗമുള്ള കണ്ടഞ്ചിനപറമ്പിൽ വടക്ക് ഭാഗം പടിഞ്ഞാറെ അറ്റത്തെ ഓഹരി മുതൽ കിഴക്കോട്ട് അഞ്ചാമത്തെ ഓഹരിയും മേപ്പടിപറമ്പിൽ വടക്ക്ഭാഗം പടിഞ്ഞാറെ അറ്റത്ത് നിന്ന് കിഴക്കോട്ട് മൂന്നാമത്തെ ഓഹരിയും മേപ്പടി പറമ്പിൽ വടക്ക്ഭാഗം പടിഞ്ഞാറെ അറ്റത്ത് നിന്ന് കിഴക്കോട്ട് നാലാമത്തെ ഓഹരിയും കൂടി ഒന്നായുള്ളപറമ്പിൽ പടിഞ്ഞാറും തെക്കും ഭാഗങ്ങളിൽ റോഡുണ്ടാക്കിയത് കഴിച്ച് ബാക്കി പറമ്പ് കെട്ടിടങ്ങളും കൂടി അടി അളവ് കി പ തെക്ക് 44 ½ വടക്ക് 48 ½ × തെ വ കിഴക്ക് 103 ½ പടിഞ്ഞാറ് 101 ½ മീറ്റർ 13.57, 14.79 × 31.56, 30.95

രണ്ടാം താക്ക് ഒന്നാം താക്കിന് വടക്ക് ഭാഗം പടിഞ്ഞാറെ ഖണ്ഡം അടി അളവ് കി പ തെക്ക് 38 വടക്ക് 39×തെ വ 27 മീറ്റർ 11.59, 11.89×8.23 സർവ്വെ 27/7B യിൽ നിന്നും കുറുമ്പത്തൂർ വില്ലേജ് ഓഫീസറുടെ 2018/37835/10 നമ്പർ തണ്ടപ്പേർ സർട്ടിഫിക്കറ്റ് പ്രകാരം സർവ്വെ 27/7B-16 - **5.40 ആർസ് സ്ഥലവും കുഴിക്കൂറു ചമയങ്ങളും**

അതിരുകൾ ലൊക്കേഷൻ മാപ്പ് പ്രകാരം

കിഴക്ക്: പള്ളി സ്ഥലം, വടക്ക്: ദേശീയ പാത, പടിഞ്ഞാറ്: പഞ്ചായത്ത് റോഡ്, തെക്ക്: പഞ്ചായത്ത് റോഡ്.

1. **കടബാധ്യത സംബന്ധിച്ച വിവരം**

ലോൺ അക്കൗണ്ട് നമ്പർ 404/46, 740/438, 510/4 തിരൂർ അർബൻ കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ തിരൂർ മെയിൻ 09.06.2023 വരെ കിട്ടേണ്ട തുക **Rs. 2,69,71,167/-** (രണ്ട് കോടി അറുപത്തിയൊമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി അറുപത്തിയേഴ് രൂപ) **(Secured Debt)**. കൂടാതെ അതിനു ശേഷമുണ്ടാകുന്ന പലിശയും മറ്റു ചിലവുകളും

2. **പണയവസ്തുക്കളുടെ ഇപ്പോഴത്തെ മതിപ്പുവില**

അംഗീകൃത വിലനിർണ്ണയ ഉദ്യോഗസ്ഥൻ **(Authorised Valuer)** കണക്കാക്കിയ വില **Rs. 4,10,11,000/-**

3. **കോട്ട് ചെയ്യേണ്ട സംവരണ വില (Reserve Price) Rs. 3,00,000,00/-**

നിങ്ങൾ ബാങ്കിലേക്കുള്ള കട വായ്പ്പാകുടിശ്ശികയും ബാങ്കിനുണ്ടായ മറ്റുചിലവുകളും ഈ നോട്ടീസ് കൈപ്പറ്റി **30** ദിവസത്തിനകം തിരിച്ചടച്ച് ബാധ്യത തീർക്കാത്തപക്ഷം പണയവസ്തു **26.07.2023** തിയ്യതി പകൽ **11.00** മണിക്ക് ബാങ്കിന്റെ ഹെഡ് ഓഫീസിൽവെച്ച് SARFAESI ACT 13-ാം വകുപ്പ്-8(5)(a) ചട്ടപ്രകാരം ക്വട്ടേഷനുകൾ സ്വീകരിച്ച് വിൽപ്പന നടത്തുന്നതാണെന്ന് ഈ നോട്ടീസ് മുഖേന നിങ്ങളെ അറിയിക്കുന്നു.

PRASAD. N
ASSISTANT GENERAL MANAGER
AUTHORISED OFFICER
..R URBAN CO-OP. BANK LTD. No: F 1818
TIRUR

സ്ഥലം : തിരൂർ
തീയതി: **23.06.2023**

അസിസ്റ്റന്റ് ജനറൽ മാനേജർ
(അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ)

**മേൽ വസ്തു വഹകൾ "എങ്ങനെയുണ്ടോ അങ്ങിനെയുള്ള സ്ഥിതിയിൽ" വിൽപ്പന നടത്തുന്നതാണ്. മേൽ വഹകൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ സീൽഡ് ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. സീൽഡ് ക്വട്ടേഷനുകൾ വിൽപ്പന ദിവസം രാവിലെ 10 മണി മുതൽ 11 മണി വരെ സ്വീകരിക്കുന്നതും 12 മണിക്ക് തുറന്ന് വിൽപ്പന ഉറപ്പിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ബാങ്കിന്റെ ഹെഡ് ഓഫീസുമായി ബന്ധപ്പെടുക.** EMD Rs. 1000000/- (Rupees Ten lakh only)